**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യ വകുപ്പിലെ പെൻഷൻ ഓഫീസർ ശ്രീ. എസ്. യശോധരനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 119/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 13.01..2016

==========================================================================

**പരാമർശം:-**
1) നഗരകാര്യ ഡയറക്ടറുടെ 19.08.2013-ലെ വി 13544/13 നമ്പർ കത്ത്.
2) 24.09.2013 തീയതിയിലെ 53516/ഇയു1/13/തസ്വഭവ. നമ്പർ മെമ്മോ.
3) ശ്രീ. യശോധരൻ, പെൻഷൻ ആഫീസർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം 25.11.2013 ൽ സമർപ്പിച്ച മറുപടി.
3) നഗരകാര്യ ഡയറക്ടറുടെ 26.09.2015 ലെ വി1-13544/2013/ഡി.യു.എ നമ്പർ കത്ത്.

**ഉത്തരവ്**

നഗരസഭാ ജീവനക്കാരുടെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 01.08.2013 വൈകിട്ട് 3 മണിക്ക് സെക്രട്ടേറിയറ്റ് ഡർബാർ ഹാളിൽ വച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുനിസിപ്പൽ കോമൺ സർവ്വീസിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് വിളിച്ചു ചേർത്ത മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാരുടെ യോഗത്തിൽ പങ്കെടുത്ത് പെൻഷൻ സംബന്ധമായ നിലവിലുള്ള പ്രശ്നം പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടും നഗരകാര്യ വകുപ്പിലെ പെൻഷൻ ഓഫീസർ ശ്രീ. എസ്. യശോധരൻ ടി യോഗത്തിൽ പങ്കെടുത്തില്ല എന്നും പകരം ടിയാൻ ആഫീസിലെ ജൂനിയർ സൂപ്രണ്ടിനെ നിയോഗിച്ചതായും ആറ്റിങ്ങൽ നഗരസഭയിൽ നഴ്സറി സ്ക്കൂൾ ടീച്ചർ ആയിരുന്ന ശ്രീമതി. ടി.വി. ഇന്ദിരാ ദേവിക്ക് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ബഹു. ലോകായുക്ത പുറപ്പെടുവിച്ച 12.06.2013-ലെ Complaint No. 1253/2012 C - ലെ ഉത്തരവ് നടപ്പിലാക്കുന്നതിനോ, നടപ്പിലാക്കുന്നത് സംബന്ധിച്ച് നഗരകാര്യ ഡയറക്ടറുമായി ചർച്ച ചെയ്യുന്നതിനോ ഈ കേസിലെ വിധി പകർപ്പ് നഗരകാര്യ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്യാതെ ടി വിധിയ്ക്ക് യാതൊരു പ്രാധാന്യവും നൽകാതെ ആയത് നടപ്പിൽ വരുത്തുന്നതിനോ ശ്രമിക്കുകയും ചെയ്തില്ല എന്നും ഈ പ്രവൃത്തി പെൻഷൻ ഓഫീസറായ ശ്രീ.എസ്.യശോധരന്റ ഔദ്യോഗിക കൃത്യനിർവഹണത്തിലെ ബോധപൂർവ്വമായ വീഴ്ചയാണെന്നും, പെൻഷൻ ഓഫീസർ എന്ന നിലയിൽ ടിയാന്റെ

പ്രവർത്തനം തീർത്തും നിരാശാജനകമാണെന്നും, ഔദ്യോഗിക കാര്യത്തിൽ യാതൊരു ശ്രദ്ധയും പതിപ്പിക്കാതെ നിരുത്തരവാദപരമായി പെരുമാറുന്നതിനാലാണ് ബഹു. ലോകായുക്തയിൽ നിന്നും വളരെ മോശമായ പരാമർശമുണ്ടായിട്ടുള്ളതെന്നും നഗരകാര്യ ഡയറക്ടർ അറിയിക്കുകയും കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച് വളരെ പ്രശ്നങ്ങൾ നിലവിലുള്ളതിനാലും വിവിധ കോടതികളിൽ നിരന്തരം കേസ്സുകൾ ഫയൽ ചെയ്യുന്ന സാഹചര്യം നിലവിലുള്ളതിനാലും പെൻഷൻ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് പെൻഷൻ ഓഫീസറായ ശ്രീ.യശോധരന്റെ മേൽപ്പറഞ്ഞ പ്രകാരമുള്ള സമീപനം കൂടുതൽ പ്രശ്നങ്ങളിലേക്ക് നഗരകാര്യ വകുപ്പിനെ കൊണ്ടെത്തിക്കും എന്നതിനാലും ടിയാനെ പ്രസ്തുത ലാവണത്തിൽ നിന്നും മാറ്റി നിർത്തി പെൻഷൻ ഓഫീസറുടെ അധിക ചുമതല പെൻഷൻ വിഭാഗത്തിലെ സൂപ്രണ്ടിന് നൽകുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ടിയാനെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും നഗരകാര്യ ഡയറക്ടർ 1-ാം ' പരാമർശിത കത്ത് പ്രകാരം ശുപാർശ ചെയ്യുകയുമുണ്ടായി.

2. ആയതിന്റെ ഭാഗമായി ടിയാന് രണ്ടാം പരാമർശിത മെമ്മോ നൽകുകയും ആയതിന് ടിയാൻ മൂന്നാം പരാമർശിത കത്ത് പ്രകാരം മറുപടി നൽകുകയുമുണ്ടായി. ടിയാന്റെ മറുപടിയുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

a. യോഗത്തിൽ പങ്കെടുക്കണമെന്ന് യാതൊരു നിർദ്ദേശവും നേരിൽ നൽകുകയോ ഔദ്യോഗികമായി അറിയിപ്പ് നൽകുകയോ ചെയ്തിരുന്നില്ല. ആയതിനാലാണ് പങ്കെടുക്കാതെ പോയത്.

b. ബഹു.ലോകായുക്തയുടെ 12.06.2013-ലെ 1252/12 സി. നമ്പറായ പരാതിയിന്മേലുള്ള വിധിന്യായത്തിന്റെ പകർപ്പ് 02.08.2013-ൽ മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്നും ആയതിന്റെ റിപ്പോർട്ട് 07.08.2013-ൽ ലോകായുക്തയിൽ നൽകി.

c. ടിയാന് ആശുപത്രിയിൽ പോകേണ്ടതിനാൽ 01.08.2013, 02.08.2013, 03.08.2013 തീയതികളിൽ ഓഫീസിൽ ഹാജരാകുവാൻ കഴിഞ്ഞില്ല.

d. കൂടാതെ പെൻഷൻ ഫണ്ടുമായി ബന്ധപ്പെട്ട് മിക്ക നഗരസഭകളും അംശാദായം പെൻഷൻ ഫണ്ടിൽ അടയ്ക്കാറില്ല എന്നും ഇതു സംബന്ധിച്ച് കർശന നിർദ്ദേശങ്ങൾ മീറ്റിംഗിൽ നൽകാറുണ്ടെന്നും എന്നാൽ സെക്രട്ടറിമാർ മേപ്പടി നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല എന്നും പറയുന്നു.

3. ശ്രീ. എസ്. യശോധരനെതിരായ ആരോപണങ്ങളും ആയതിന് ടിയാന്റെ മറുപടിയും പരിശോധിച്ചതിൽ മറുപടി വസ്തുതാപരമാണെങ്കിലും ടിയാന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതായി കാണുന്നുണ്ട് എങ്കിലും ദയാപരമായ സമീപനം കൈക്കൊണ്ട് മേലിൽ ഇത്തരം ഔദ്യോഗിക കൃത്യവിലോപം ഉണ്ടാകരുതെന്ന് കർശനമായി താക്കീത് നൽകി നഗരകാര്യ വകുപ്പിലെ പെൻഷൻ ഓഫീസറായ ശ്രീ.യശോധരനെ മേൽ നടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നഗരകാര്യ ഡയറക്ടർ നാലാം പരാമർശിത കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

4. ഈ സാഹചര്യത്തിൽ നഗരകാര്യ വകുപ്പിലെ പെൻഷൻ ഓഫീസറായ ശ്രീ. എസ്.യശോധരനെ മേലിൽ ഔദ്യോഗിക കൃത്യവിലോപം ടിയാന്റെ ഭാഗത്ത് നിന്നും ഉണ്ടാകരുതെന്ന് കർശന താക്കീത് നൽകി, ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**രത്നമ്മ.വി.,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശൂർ
ശ്രീ. എസ്.യശോധരൻ, പെൻഷൻ ഓഫീസർ, നഗരകാര്യ വകുപ്പ്.
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**